**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 257** **22-07-2021 - ൽ മറുപടിയ്ക്ക്**

**വായ്പകൾക്ക് മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കോവിഡ് മഹാമാരിയെത്തുടർന്ന് മൊറട്ടോറിയം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് 2020 ലുണ്ടായ കോവിഡ്-19 രോഗബാധയെ തുടർന്ന് ലോക്ഡൗൺ ഏർപ്പെടുത്തിയതിലൂടെ വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ വാണിജ്യബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മോറട്ടോറിയം അനുവദിച്ച് ആർ.ബി.ഐ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, സഹകരണ സ്ഥാപനങ്ങൾക്കും/ ബാങ്കുകൾക്കും കൂടി ടി നിർദ്ദേശം ബാധകമാക്കി, എല്ലാ സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാ വിധ വായ്പകൾക്കും 01.03.2020 മുതൽ 31.05.2020 വരെയും തുടർന്ന് 01.06.2020 മുതൽ 31.08.2020 വരെയും ദീർഘിപ്പിച്ച് മോറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. കോവിഡിന്റെ രണ്ടാം വ്യാപനത്തെ തുടർന്നുള്ള അടച്ചിടൽ കാരണം മോറട്ടോറിയം പ്രഖ്യാപിച്ച നിർദ്ദേശം ആർ.ബി.ഐ പുറപ്പെടുവിച്ചിട്ടില്ല. മൊറട്ടോറിയം കാലത്തെ പിഴപലിശ ഈടാക്കുവാൻ പാട്ടുള്ളതല്ല എന്നും ബാങ്ക്/ സഹകരണ സ്ഥാപനം സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെ മേൽ കാലയളവിലെ പലിശ അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് ചെയ്ത് നൽകാവുന്നതാണെന്ന് രജിസ്ട്രാർ നേരത്തെ പുറപ്പെടുവിച്ച സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ബാങ്ക് ലോണുകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും, തിരിച്ചടവുകൾക്ക് ഇളവ് നൽകുന്നതും സംബന്ധിച്ച നയപരമായ തീരുമാനങ്ങൾ എടുക്കേണ്ടത് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയാണ്. |

സെക്ഷൻ ഓഫീസർ